# ആദിവാസി ഭൂമിയിൽ സർക്കാർ അതിക്രമിച്ചു കടക്കുന്നു

**മീഡിയാമേറ്റ്**

ഇടുക്കി ജില്ലയിലെ കണ്ടളയിൽ ആദിവാസികൾ എൻജിനീയറിംഗ് കോളേജ് ഷെഡ് തകർത്തതും തുടർന്ന് അവരെ ഗുണ്ടകൾ ഭീകരമായി മർദ്ദിക്കുകയും ചിലരെ തട്ടിക്കൊണ്ടുപോവുകയും ചെയ്ത സംഭവപരമ്പര ആരെയും ഞെട്ടിക്കുന്നതാണ്. സ്വന്തം ഭൂമി സർക്കാർ കൈയ്യേറി എൻജിനീയറിംഗ് കോളേജ് പണിയുന്നതിനെതിരെ ആയിരുന്നു ആദിവാസികളുടെ രോഷപ്രകടനം. പക്ഷേ അവർക്ക് കിട്ടിയ മറുപടി ഗുണ്ടാമർദ്ദനമായിരുന്നു. ആദിവാസി നേതാവ് സി. കെ. ജാനു ഉൾപ്പെടെ അഞ്ച് പേർക്ക് ഗുരുതരമായി മർദ്ദനമേറ്റു. പലർക്കും പരിക്കും വെട്ടേറ്റും കൈകാലുകൾ ഒടിഞ്ഞുമാണ്. 12 ആദിവാസികളെ കാണാതായിട്ടുണ്ട്.

സംഭവം ഇങ്ങിനെയാണ്. സർക്കാർ പ്രഖ്യാപിച്ച എൻജിനീയറിംഗ് കോളേജിന് സ്ഥലം കണ്ടെത്തിയത് മൂന്നാറിൽനിന്നും 35 കിലോമീറ്റർ അകലെയുള്ള കണ്ടളയിലെ ആദിവാസി കോളനിയിലാണ്. മുതുവാൻമാരുടെ ഭൂമി കൈയ്യേറി ഓഫീസ് പണിതു. ഇതിനെതിരെ ആദിവാസികൾ ഹൈക്കോടതിയിൽനിന്നും സ്റ്റേ വാങ്ങിയെങ്കിലും അത് അവഗണിച്ച് കോളേജ് നിർമ്മാണവുമായി സർക്കാർ മുന്നോട്ടുപോയി. ഇതിനെതിരെ ഉയർന്ന രോക്ഷമാണ് ആദിവാസികളെ കോളേജ് ഷെഡ് തകർക്കാൻ പ്രേരിപ്പിച്ചത്. സ്വകാര്യവ്യക്തികളെപ്പോലെത്തന്നെ സർക്കാരും തങ്ങളെ പീഢിപ്പിക്കുന്നുവെന്ന തിരിച്ചറിവ് ആദിവാസികളെ നിയമം കൈയ്യിലെടുക്കാൻ പ്രേരിപ്പിച്ചു.

സി. കെ. ജാനുവിന്റെ നേതൃത്വത്തിൽ 500ഓളം ആദിവാസികൾ കുണ്ടളയിൽ മാർച്ച് 24, 25 തീയ്യതികളിൽ ഒത്തുചേർന്നു. മാർച്ച് 25ന് ഞായറാഴ്ച്ച രാവിലെ എൻജിനീയറിംഗ് കോളേജ് കെട്ടിടം തകർക്കപ്പെട്ടു ആദിവാസികൾ അതുവരെ ജീവനത്തിനായി പശുക്കളെ വളർത്തിയിരുന്ന തൊഴുത്തുകൾ ഉണ്ടായിരുന്ന സ്ഥലം അവർ തിരിച്ചു പിടിക്കുകയായിരുന്നു. ഇവിടെ കുടിലുകൾ കെട്ടാനും ആരംഭിച്ചു.

ഇതിൻെറപ്രത്യാഘാതം ഉടനെ ഉണ്ടായി. തിങ്കളാഴ്ച രാത്രിയിൽ ആദിവാസികൾ ഗുണ്ടാക്രമണത്തിനിരയായി. സംഭവം അറിഞ്ഞെത്തിയ പോലീസ് അക്രമികളെ പിടിച്ചില്ല, പകരം ആദിവാസികളെ സ്ഥലത്തുനിന്നും ഒഴിവാക്കി. ആദിവാസികൾ പിടിച്ചെടുത്ത ഭൂമി, സംഘർഷത്തിൻെറ പേരുപറഞ്ഞ് വീണ്ടും ഒഴിപ്പിക്കാനുള്ള ഭരണകക്ഷിയുടെ ശ്രമമാണിതെന്ന് ആരോപണം ഉണ്ടായി.

പിറ്റേന്നാണ് കൈയ്യേറ്റത്തിൻെറ വികൃതമുഖം പ്രകടമായത്. കണ്ടളയിലെ ആദിവാസി ഭൂമി ഗുണ്ടകളുടെ സഹായത്തോടെ സ്ഥലത്തെ ഒരു സ്വകാര്യ തോട്ടമുടമ അധീനയിലാക്കി. എതിർത്ത 3 ആദിവാസികളെ തട്ടിക്കൊണ്ടുപോയി. കുടിലുകൾ അഗ്നിക്കിരയാക്കി. യഥാർത്ഥത്തിൽ തോട്ടമുടമയും സർക്കാരുമെല്ലാം ആദിവാസികളെ സംബന്ധിച്ച് കയ്യേറ്റക്കാരായിരിക്കുകയാണ്.

ദശാബ്ദങ്ങളായി മുതുവാൻ സമുദായത്തിലുള്ള ആദിവാസികൾ അധിവസിക്കുന്ന കണ്ടളയിലുള്ള 60.21 ഏക്കർ ഭൂമിയിൽ വിദ്യാഭ്യാസ മന്ത്രിയും റവന്യൂ മന്ത്രിയും നേരിട്ടുള്ള ഇടപെടലിലൂടെ അതിക്രമിച്ച് കോളേജിന്റെ നിർമ്മാണ പ്രവർത്തനം നടത്തുമ്പോൾ, 75ലെ നിയമം ആവർത്തിച്ച് ലംഘിച്ച ഭരണാധികാരികൾ ഇനി യാതൊരുവിധ നിയമങ്ങളും പാലിക്കേണ്ടതില്ലെന്ന ധിക്കാരമാണ് പുലർത്തുന്നത്.

നൂറ്റാണ്ടുകളായി ആയിരക്കണക്കിന് മുതുവൻമാർ അധിവസിച്ചിരുന്ന കണ്ടള മേഖലയിൽനിന്ന് 1971-ൽ വനഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിന്റെ പേരിൽ അവിടെ താമസിച്ചിരുന്ന മുതുവൻമാരെ ആട്ടിയോടിക്കുകയുണ്ടായി. അവശേഷിച്ച ഭൂമിയിലൊരു ഭാഗം 60.21ഏക്കറിൽ 75 ആദിവാസി കുടുംബങ്ങളെ, ലാന്റ് ബോർഡർ ഓർഡർ അനുസരിച്ച് ഭൂമിയിലുള്ള എല്ലാ അവകാശാധികാരങ്ങളും അംഗീകരിച്ചുകൊണ്ട് അധിവസിപ്പിക്കുകയായിരുന്നു. കണ്ടള ആദിവാസി മേഖലയിലെ മുതുവൻമാരെ അധിവസിപ്പിക്കുമ്പോൾ, മറ്റ് പദ്ധതികളിൽ നിന്ന് വ്യത്യസ്ഥമായി ഭൂമിയിലെ സർവ്വവിധ അവകാശങ്ങളും അനുവദിച്ചുകൊടുത്തിരുന്നു. അധിവസിക്കപ്പെട്ട 75 കുടുംബങ്ങളെ ഉൾപ്പെടുത്തി 1980ൽ ഒരു സൊസൈറ്റി രജിസ്റ്റർ ചെയ്യുകയും സൊസൈറ്റി വഴി ഇൻഡോ സ്വിസ് പ്രൊജക്ടിന്റെ ആനുകൂല്യങ്ങളോടെ, സങ്കരയിനം പശുക്കളെ നൽകുകയും ചെയ്തിരുന്നു. 400 ഓളം പശുക്കളെ വളർത്താനുള്ള തൊഴുത്തും പ്രസ്തുത പ്രൊജക്ടിന്റെ ഭാഗമായി പണിതുകൊടുത്തിരുന്നു. അന്നുമുതൽ കുടിയിലെ സമുദായ അംഗങ്ങളുടെ ഏക വരുമാന മാർഗ്ഗം പശുവളർത്തലായിരുന്നു. കൂടാതെ കൃഷിയിടവും പുൽമേട്ടും സംരക്ഷിക്കുവാൻ ഫോറസ്റ്റ് വകുപ്പിന്റെ ധനസഹായത്തോടെ, പുൽമേടിന്റെ അരുകിൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുകയും ആ വൃക്ഷങ്ങൾ മുറിച്ച് ആദിവാസികളുടെ വികസനപ്രവർത്തനത്തിന് വിനിയോഗിക്കാനുള്ള അവകാശവും ആദിവാസികൾക്കുണ്ടായിരുന്നു. പ്രസ്തുത ഭൂമിയിലാണ് മന്ത്രി ഇസ്മയിലും, മന്ത്രി പി. ജെ. ജോസഫ്, തുടർവിദ്യാഭ്യാസ ഡയറക്ടർ അൽഫോൺസ് കണ്ണന്താനവും കൈയ്യേറി എൻജിനീയറിംഗ് കോളേജ് പണിയുവാൻ ഉദ്യോഗസ്ഥൻമാർക്ക് അനുമതി നൽകിയത്.



2000 ജൂൺ മാസത്തിൽ വൻ സന്നാഹത്തോടെ ഗവൺമെന്റ് അധികൃതർ കുടിയിലേക്ക് കടന്നുവരികയും തൊഴുത്തിലുണ്ടായിരുന്ന 390 പശുക്കളെ അഴിച്ചുവിട്ട് തൊഴുത്തിനോട് ചേർന്നുണ്ടായിരുന്ന കാവൽപ്പുരയിൽ താമസിച്ചിരുന്ന മൂന്ന് കുടുംബങ്ങളെ ആട്ടിയോടിച്ച് കുടിലുകൾ ഇടിച്ചുനിരത്തി 'എൻജിനീയറിംഗ് കോളേജ് ഓഫീസ്' എന്ന ബോർഡ് സ്ഥാപിക്കുകയും ചെയ്തു. കൂടാതെ തൊട്ടടുത്തുണ്ടായിരുന്ന രണ്ട് ആദിവാസി കുടുംബങ്ങളെ ഭീഷണിപ്പെടുത്തി ഓടിക്കുകയും രണ്ട് വൈക്കോൽപ്പുരകൾ നശിപ്പിച്ച് 8 പശുക്കളെ കെട്ടി തീറ്റയും വെള്ളവും കൊടുക്കുവാനുള്ള സ്ഥലവും ഇടിച്ചുനിരപ്പാക്കി, അവിടെ എൻജിനീയറിംഗ് കോളേജിനുള്ള പണികൾ തുടർന്നുകൊണ്ടിരിക്കുകയാണ്. അഴിച്ചു വിടപ്പെട്ട പശുക്കളിൽ 40 എണ്ണം ചത്തുകഴിഞ്ഞിരിക്കുന്നു.

ഇതിനെതിരെ പ്രതിക്ഷേധിച്ച് സങ്കടം ബോധിപ്പിച്ച ആദിവാസികളുടെ പരാതികൾ എല്ലാ അധികാരികളും അവഗണിക്കുകയാണുണ്ടായത്. മൂന്നാറിൽ നിന്ന് 25 കിലോമീറ്റർ അകലെയുള്ള കണ്ടളക്കുടി ഒരു തരത്തിലുള്ള പൊതു സ്ഥാപനങ്ങൾക്കും അനുയോജ്യമല്ല എന്നതാണ് വസ്തുത. മാട്ടുപ്പെട്ടി റിസർവോയറിന്റെ കരപ്രദേശത്തുള്ള കോളനി ആദിവാസികളെ ഒഴുപ്പിച്ചെടുത്താൽ വനമേഖലയിൽ വൻതോതിൽ കടന്നുകയറിക്കൊണ്ടിരിക്കുന്ന വൻകിടക്കാർക്ക് റിസോർട്ടുസെന്ററുകൾ സ്ഥാപിക്കാൻ വിട്ടുകൊടുക്കാമെന്നുള്ള ലക്ഷ്യവും കിരാതമായ ഈ നടപടിക്കുപിന്നിൽ ഉണ്ട്.


**രചനയിൽ ഡി.ടി.പി.**

മലയാളത്തിൻെറ സമഗ്ര ലിപി സഞ്ചയമായ **രചന** സോഫ്റ്റ് വെയറിനും രചനലിപിയിൽ പുസ്തകങ്ങൾ, മാഗസിനുകൾ, നോട്ടീസുകൾ ടൈപ്പ്സെറ്റ് ചെയ്യുന്നതിനും.

**കേരളീയം, കോട്ടപ്പുറം, തൃശ്ശൂർ-4**

☎ 0487-382638, 0488-720144